# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3894

19/03/2018-ൽ
മറുപടിയ്ക്ക്

## കോളേജുകളിൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കൽ

**ചോദ്യം** **മറുപടി**

ഡോ.എം.കെ.മുനീർ :

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ സർക്കാർ കോളേജുകളിൽ ആവശ്യമായ ജോലി ഭാരമുണ്ടായിട്ടും അധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്ത നിലവിലെ സാഹചര്യത്തിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശകൾ എല്ലാം തന്നെ പരിഗണിയ്ക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ഏറ്റവും അത്യാവശ്യമായിട്ടുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും അറബിക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ് കാസർഗോഡ്, എസ്.എൻ.ജി.എസ്. കോളേജ് പട്ടാമ്പി, യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം, ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ് തവനൂർ, തൃത്താല ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ്, നാദാപുരം ഗവ.കോളേജ്, പെരിന്തൽമണ്ണ പി.ടി.എം ഗവ.കോളേജ് എന്നിവിടങ്ങളിൽ അറബിക് അധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്നതിന് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടും ഈ കോളേജുകളിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ആവശ്യമായ അധ്യാപക തസ്തിക സൃഷ്ടിക്കാത്തതിനാൽ, യോഗ്യരായ അധ്യാപകരുടെ അഭാവം മൂലം ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം കുറഞ്ഞിട്ടുള്ള | (സി) | അദ്ധ്യാപകരുടെ അഭാവം അനുഭവപ്പെടുന്ന വിഷയങ്ങളിൽ മതിയായ യോഗ്യതയുള്ള ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ നടത്തുവാൻ പ്രിൻസിപ്പാൾമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ |

| | | | |
|---|---|---|---|
| | വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | | സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് അത്യാവശ്യം വേണ്ട പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**